# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 154

23.01.2018 ൽ മറുപടിക്ക്

## അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കൊട്ടുംക്രിമിനലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കൊട്ടുംക്രിമിനൽ പശ്ചാത്തലമുള്ള ചിലർ കേരളത്തിൽ വൻ മോഷണവും, കൊലപാതകത്തിൽ ചെന്നെത്തുന്ന കവർച്ചകളും നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ചില ജില്ലകളിൽ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) നാട്ടിൽ കുറ്റകൃത്യങ്ങളിലേർപ്പെട്ടശേഷം സുരക്ഷിത താവളം തേടി കേരളത്തിലെത്തുന്ന ഇതര സംസ്ഥാനക്കാർ ഇവിടെ ലഹരിമരുന്ന വില്പനയും കള്ളനോട്ട വിതരണവുമായി ജീവിതം നയിക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന ക്രിമിനൽ സംഘങ്ങളുടെ വേരറുക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (സി) ഇത്തരം ക്രിമിനൽ പശ്ചാത്തലമുള്ളവർ ഇതര സംസ്ഥാന തൊഴിലാളികളുടെ കൂടെ താമസിക്കുകയാണെങ്കിൽ അവരെ തിരിച്ചറിയാനും നിയമത്തിനു മുന്നിൽ കൊണ്ടുവരാനും സംവിധാനങ്ങൾ നിലവിൽ ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിന് എല്ലാ SHO മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ e-rekha എന്ന (Mobile App) സോഫ്റ്റ് വെയർ മുഖാന്തിരം ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അപ് ലോഡ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ |

ഏർപ്പെടുത്തിയിട്ടുള്ളതാണ്. ക്രിമിനൽ സ്വഭാവം ഉള്ളവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുകയും, സംശയം തോന്നുന്നവരുടെ വിവരങ്ങൾ അതാത് സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനിൽ അയച്ച് പരിശോധന നടത്തുകയും ഇവരുടെ വാസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഇതുവഴി ക്രിമിനൽ പശ്ചാത്തലമുള്ള ഇതര സംസ്ഥാനക്കാർക്കിടയിൽ പോലീസിന്റെ ശ്രദ്ധയും നിരീക്ഷണവും ഉറപ്പാക്കി വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഈ നിരീക്ഷണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.